Talented Bankers Literary Panel
പുസ്തകപരിചയം 126

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ, കാവനാട് ശാഖ.

*പോയട്രി കില്ലർ*
✍️ ശ്രീ പാർവതി

പുസ്തകം ഇറങ്ങി ഒരാഴ്ച്ച കഴിഞ്ഞു.. ബാങ്കിലെ തിരക്കുകൾ കഴിഞ്ഞിറങ്ങി ഡിസി ബുക്സിൽ ഓടിപിടച്ച് എത്തുമ്പോഴേക്കും മിക്ക ദിവസങ്ങളിലും കട അടച്ചിട്ടുണ്ടാകും. കോവിഡ് പ്രോട്ടോകോൾ കാരണം ഇപ്പോൾ പതിവിലും നേരത്തെ കടകൾ അടയ്ക്കുന്നുണ്ട്. രണ്ട് തവണയും നിരാശയായിരുന്നു ഫലം. എനിക്ക് ആണെങ്കിൽ ഇരുന്നിട്ട് ഇരിക്കപൊറുതി വരുന്നുണ്ടായിരുന്നില്ല. ഒന്നിൽ പിഴച്ചാൽ മൂന്ന് എന്നാണല്ലോ. കഴിഞ്ഞ ദിവസം ബാങ്കിലെ പണിയെല്ലാം നേരത്തെ അവസാനിപ്പിച്ചിട്ട് ഞാൻ നേരെ ചെന്നു ഡിസി ബുക്സിൽ. പുസ്തകം ദേ ഇരിക്കുന്നു ഡിസിയുടെ ബെസ്റ്റ് സെല്ലെർ ഷെൽഫിൽ. കയ്യോടെ അതങ്ങ് മേടിച്ചു. പുസ്തകം ഇറങ്ങി ഒരാഴ്ച്ചയ്ക്കകം ആ ബെസ്റ്റ്സെല്ലെർ ഷെൽഫിൽ ഇടം പിടിക്കണമെങ്കിൽ അതിനു മിനിമം ഒരു റേഞ്ച് വേണം.. ശ്രീ പാർവതി - the name says it all.. 😎 മാതൃഭൂമി ബുക്ക്സ് പുറത്തിറക്കിയ ശ്രീയുടെ 'മിസ്റ്റിക് മൗണ്ടൻ' സമൂഹമാധ്യമങ്ങളിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു ബെസ്റ്റ് സെല്ലറാണ്.

ഇളം കാറ്റ് വീശുന്ന ചെറിയ ചാറ്റൽ മഴയുള്ള ആ രാത്രിയിൽ വീട്ടിലെ ബാൽക്കണിയിലിരുന്ന് ഞാൻ വായന തുടങ്ങി. പോയട്രി കില്ലർ - എഴുത്തുകാരെയും കവികളെയും തിരഞ്ഞു പിടിച്ചു കൊല്ലുന്ന ഒരു സീരിയൽ കില്ലർ. ക്രൈം സീനിൽ കവിത കുറിപ്പടികൾ എഴുതിയിട്ട് പോകുന്ന ഒരു തനി സൈക്കോ.. പതിയെ തുടങ്ങിയ വായനയുടെ വേഗം, പിന്നീടെപ്പോഴോ ദ്രുതഗതിയിലേക്ക് കടന്നപ്പോൾ കൊലയാളിയെ കുറിച്ചുള്ള സംശയങ്ങൾ പലതും എന്റെ മനസ്സിൽ ജനിച്ചു. ജനിപ്പിച്ചു എന്ന് വേണം കരുതാൻ.. കാരണം കൊലയാളി ഇയാൾ ആണ് എന്ന ഒരു ശക്തമായ ഇമ്പ്രെഷൻ നമ്മുടെ മനസ്സിന് നൽകുവാൻ ഉതകുന്ന ചെപ്പടിവിദ്യകൾ എഴുത്തുകാരി വായനക്കാർക്ക് ഈ പുസ്തകത്തിലുടനീളം വെച്ച് നീട്ടുന്നുണ്ട്. ഒടുവിൽ നമ്മുടെ മനസ്സിൽ വിരിയുന്ന ധാരണകളെയൊക്കെയും നിഷ്പ്രഭമാക്കി, അവസാന താളുകളിൽ യഥാർത്ഥ കൊലയാളി മറ നീക്കി പുറത്തു വരുന്നു. ക്രൈം സീനിൽ ഒരു തുമ്പ് പോലും അവശേഷിപ്പിക്കാതെ വിദഗ്ദ്ധമായി കടന്നു കളയുന്ന ഒരു സീരിയൽ കില്ലറിനെ, എല്ലാ പഴുതുകളും അടച്ചു പൂട്ടുന്നതിൽ പോലീസ് ഓഫീസർമാർ നേരിടുന്ന എല്ലാ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഡെറിക് ജോൺ എന്ന പോലീസ് ഉദ്യോഗസ്ഥന്റെ കാഴ്ചപ്പാടിലൂടെ എഴുത്തുകാരി തുറന്ന് കാട്ടുന്നുണ്ട്. സിനിമകളിൽ കാണുന്ന സൂപ്പർ ഹീറോകളായ പോലീസുകാരെ പോലെ നിമിഷനേരം കൊണ്ട് തെളിയിക്കാൻ പറ്റുന്നതല്ല യഥാർത്ഥത്തിൽ ഒരു ക്രിമിനൽ കേസ്.. ആ യാഥാർഥ്യത്തിലേക്കാണ് ഈ കഥ വിരൽ ചൂണ്ടുന്നത്.

പതിവിന് വിപരീതമായി ഇതിൽ കഥാപാത്ര രചനയിൽ പ്രകടമായൊരു മാറ്റം ഞാൻ ശ്രദ്ധിച്ചു. കഥാപാത്രങ്ങൾക്ക് ഇതിൽ രൂപമോ മുഖമോ ഇല്ല. ആമുഖത്തിൽ തന്നെ ശ്രീ അതിനുള്ള കാരണവും വെളിപ്പെടുത്തുന്നുണ്ട്. ആ സ്വാതന്ത്ര്യം

പൂർണമായും വായനക്കാരന്റെ ഭാവനയ്ക്ക് വിട്ട് നൽകി കൊണ്ട് വളരെ ബോൾഡ് ആയൊരു നീക്കം തന്നെയാണ് ശ്രീ ഈ രചനയിൽ നടത്തിയിരിക്കുന്നത്. വളരെ നിശബ്ദമായൊരു ചുറ്റുപാടിൽ മുഴുകി ഇരുന്നു വായിച്ചത് കൊണ്ടാവണം മനസ്സിൽ ഒരു ക്രൈം ത്രില്ലർ സിനിമ കാണുന്ന അതേ പ്രതീതിയാണ് എനിക്കുമുണ്ടായത്.

സമയം കടന്നു പോയത് ഞാൻ അറിഞ്ഞതേയില്ല. പുസ്തകം വായിച്ചവസാനിക്കുമ്പോൾ സമയം രണ്ട് മണിയോടടുത്തിരുന്നു. മനസ്സിനെ പിടിച്ചിരുത്തുന്നൊരു പക്കാ എന്റർടൈനർ. ഒറ്റയിരിപ്പിനു തന്നെ വായിച്ചു നോക്കൂ. ഈ പുസ്തകം നിങ്ങളുടെ മനസ്സിലും ഷെൽഫുകളിലും ഇടം പിടിക്കും തീർച്ച.. 👍

പ്രസാധകർ: ഡിസി ബുക്സ്
വില : Rs.150/-